## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3580** **11.12.2018-ൽ മറുപടിയ്ക്ക്**

### പഴവങ്ങാടി പഞ്ചായത്തിലെ പൊതുശ്മശാന നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | റാന്നി താലൂക്ക് ആസ്ഥാനത്തെ മൂന്ന് പഞ്ചായത്തുകൾക്കൊപ്പം പഴവങ്ങാടി പഞ്ചായത്തിൽ ആരംഭിച്ച പൊതുശ്മശാന നിർമ്മാണം ഏത് ഘട്ടം വരെയായി; നിർമ്മാണം പൂർത്തീകരിക്കുന്നതിൽ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ | ശ്മശാനത്തിന്റെ കെട്ടിട നിർമ്മാണം, മെഷീനുകൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ശ്മശാനത്തിലേയ്ക്ക് കൊണ്ടുവന്ന ചിമ്മിനി, കരാറുകാരുടെ ഗോഡൗണിൽ വച്ച് പ്രളയത്തിൽ വെള്ളം കയറി നശിച്ചുപോയതിനാൽ നിർമ്മാണ പ്രവർത്തനത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്ര ; ആരാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തുന്നത്; തടസ്സങ്ങൾ നീക്കി പദ്ധതി എന്ന് പ്രവർത്തനം ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ? | ബി | 81,20,000/- രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. കോസ്റ്റ്ഫോർഡ് എന്ന ഏജൻസി മുഖേന ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണം നടക്കുന്നു. ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആധുനിക ശ്മശാനം ആണ് വിഭാവനം ചെയ്തിരിക്കുന്നത്. 2019 മാർച്ച് 31 നകം ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ